www.malankaralibrary.com

# ദൈവകരുണയുടെ നൊവേന




## ഹോളിഫയർ മിനിസ്ട്രീസ്

**എടക്കോം, കണ്ണൂർ**

**Mob: 8547070753**

www.malankaralibrary.com

# നൊവേന

(പാപവും പാപസാഹചര്യവും ഉപേക്ഷിച്ച് ദൈവകരുണ ലഭിക്കാൻ പുരോഹിതൻ സമൂഹത്തെ ഒരുക്കുന്നു. കണ്ണുകൾ അടച്ച് കൈകൾ കൂപ്പി ഹൃദയത്തിൽ ഈശോയെ ധ്യാനിച്ചു കൊണ്ട് നമുക്ക് പ്രാർത്ഥിക്കാം.)

പുരോ: പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ,

സമൂ: ആമ്മേൻ

പുരോ: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി

സമൂ: ആമ്മേൻ

പുരോ: ഭൂമിയിൽ മനുഷ്യർക്ക് സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും;

www.malankaralibrary.com

സമൂ: ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,/ അങ്ങയുടെ നാമം പൂജിതമാകണമേ./ അങ്ങയുടെ രാജ്യം വരേണമേ./ അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ./ ഞങ്ങൾക്കാവശ്യമായ ആഹാരം ഇന്നു ഞങ്ങൾക്ക് തരണമേ./ ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ/ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ./ ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ./ ദുഷ്ടാരൂപിയിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ./ എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്വവും/ എന്നേക്കും അങ്ങയുടെതാകുന്നു. ആമ്മേൻ

www.malankaralibrary.com

കാർമ്മി: വി. ഫൗസ്റ്റീനായിലൂടെ പിതാവിന്റെ കരുണ ലോകത്തിന് വെളിപ്പെടുത്തിയ ഈശോയെ, ഞങ്ങളങ്ങേക്കു നന്ദി പറയുന്നു. പിതാവായ ദൈവമേ, അങ്ങയുടെ പ്രിയപുത്രിയും അങ്ങേ തിരുക്കുമാരന്റെ മാതാവും, പരിശുദ്ധാത്മാവിന്റെ മണവാട്ടിയുമായ പരി. കന്യകാമറിയത്തിന്റെ പ്രത്യേക മദ്ധ്യസ്ഥതയിലൂടെ അവിടുത്തെ കരുണ വർഷിക്കാൻ അങ്ങ് തിരഞ്ഞെടുത്ത ഈ ദൈവാലയത്തിനെ ഓർത്ത് ഞങ്ങളങ്ങേക്കു നന്ദി പറയുന്നു. അങ്ങ് തിരഞ്ഞെടുത്ത ഈ ദൈവാലയത്തിൽ വന്ന് ദുഃഖിതമായ ആത്മാവോടും, തളർന്ന ഹൃദയത്തോടും കൂടെ പരി. അമ്മയുടെ മാദ്ധ്യസ്ഥ്യം വഴി ഞങ്ങൾ പ്രാർത്ഥിക്കുമ്പോൾ ഞങ്ങളുടെ പാപങ്ങൾ

www.malankaralibrary.com

ക്ഷമിച്ച് ഞങ്ങളുടെ മേൽ കരുണ വർഷി ക്കണമേ. ഞങ്ങളുടേയും ഞങ്ങളുടെ പിതാക്കന്മാരുടെയും അപരാധങ്ങൾ ഓർ ക്കാതെ, അങ്ങയുടെ നാമത്തെയും ശക്തി യെയും അങ്ങേ തിരുക്കുമാരന്റെ പീഡാ സഹനത്തെ പ്രതി ഞങ്ങളോടു കരുണ തോന്നണമേ (ബാറൂ. 3:1,5)

കുരിശിൽ കിടന്നുകൊണ്ട് 'എനി ക്കു ദാഹിക്കുന്നു' (യോഹ. 19:28) എന്ന രുൾ ചെയ്ത് ആത്മാക്കളോടുള്ള സ്നേഹം പ്രകടമാക്കിയ ഈശോയെ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നശി ച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്ന തിനുവേണ്ടി തൻെറ ഏകജാതനെ നൽകാൻ തക്കവിധം ലോകത്തെ സ്നേ

www.malankaralibrary.com

ഹിച്ച ദൈവമേ, (യോഹ. 13:16) ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു. 'ഇതാ നിന്റെ അമ്മ' (യോഹ19:27) എന്നരുൾ ചെയ്തു കൊണ്ട് സ്വന്തം അമ്മയെ ഞങ്ങ ൾക്ക് അമ്മയായി തന്ന ഈശോയെ ഈ നവനാളിൽ സംബന്ധിക്കുന്ന എല്ലാ വ്യക്തികളേയും, കുടുംബങ്ങളേയും, കുടുംബശാഖകളേയും, അവരുടെ പൂർവീക ആത്മാക്കളേയും, പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയം വഴി അങ്ങയുടെ തിരുഹൃദയത്തിലേയ്ക്കു സമർപ്പിക്കുന്നു.

ഈശോയെ, അങ്ങയുടെ തിരു രക്തത്താൽ ഞങ്ങളുടെ ശരീരത്തേയും, മനസ്സിനേയും, ആത്മാവിനേയും, ബുദ്ധി യേയും, ചിന്തകളേയും കഴുകി വിശുദ്ധീ

www.malankaralibrary.com

കരിച്ച് എല്ലാതരത്തിലുള്ള പാപങ്ങളിൽ നിന്നും, രോഗങ്ങളിൽ നിന്നും, ശാപങ്ങളിൽനിന്നും, പൈശാചിക പീഡകളിൽ നിന്നും ഞങ്ങളെ മോചിപ്പിയ്ക്കണമെ.

കാർമ്മികൻ ചൊല്ലിക്കൊടുക്കുന്നു:

ഈശോയെ/ സർവ്വലോകത്തിനും/ ജീവന്റെ ഉറവിടവും/ കരുണയുടെ കടലും തുറന്നു കൊണ്ടാണല്ലോ/ അങ്ങ് മരണം പ്രാപിച്ചത്./ ജീവന്റെ സംഭരണിയും,/ അളവില്ലാത്ത കാരുണ്യത്തിന്റെ/ ഉറവിടവുമായ ഈശോയെ/ സർവ്വ ലോകത്തേയും/ അങ്ങ് ആവരണം ചെയ്ത്/ അങ്ങയുടെ അനുഗ്രഹങ്ങൾ/ പൂർണ്ണമായി ചൊരിയണമേ.

www.malankaralibrary.com

ഈശോയുടെ തിരുഹൃദയത്തിൽ നിന്നും/ ഞങ്ങൾക്കുവേണ്ടി/ കാരുണ്യ ശ്രോതസ്സായി/ ഒഴുകിയെത്തിയ/ തിരു രക്തമേ/ തിരുജലമേ/ ഞങ്ങൾ അങ്ങ യിൽ ശരണപ്പെടുന്നു./

ആമ്മേൻ.

## ഒന്നാംദിവസം

കാർമ്മി: *ഇന്ന് മനുഷ്യമക്കളെ മുഴുവനും പ്രത്യേകിച്ച്, എല്ലാ പാപികളേയും എന്റെ അടുക്കൽ കൊണ്ടുവരിക. അവരെ എന്റെ കരുണക്കടലിൽ മുക്കിയെടുക്കുക. അങ്ങനെ ആത്മാക്കളുടെ നഷ്ടംമൂലം ഞാൻ അനുഭവിക്കുന്ന വേദനാജനകമായ ദുഃഖത്തിൽ എന്നെ ആശ്വസിപ്പിയ്ക്കുക.*

www.malankaralibrary.com

കാർമ്മി: ഏറ്റവും കരുണയുള്ള ഈശോയെ, (സമൂഹവും ചേർന്ന്) ഞങ്ങളോട് അനുകമ്പ തോന്നാതിരിക്കാൻ / അങ്ങേയ്ക്കു സാധ്യമല്ലല്ലോ./ ഞങ്ങളോട് ക്ഷമിക്കണമെ./ ഞങ്ങളുടെ പാപങ്ങളെ അങ്ങ് നോക്കരുതേ./ അങ്ങയുടെ അളവില്ലാത്ത നന്മയിൽ ആശ്രയിച്ച്/ഞങ്ങൾ അങ്ങയിൽ ശരണപ്പെടുന്നു./ അങ്ങയുടെ കരുണാർദ്ര ഹൃദയത്തിൽ/ ഞങ്ങളെ സ്വീകരിക്കണമെ./ അങ്ങിൽ നിന്ന് അകന്നുപോകാൻ/ ഞങ്ങളെ അനുവദിക്കരുതെ./ പിതാവിനോടും പരിശുദ്ധാത്മാവിനോടും/ അങ്ങയെ ഒന്നിപ്പിക്കുന്ന സ്നേഹത്തെ പ്രതി/ ഞങ്ങളുടെ യാചന കേൾക്കണമെ.

www.malankaralibrary.com

നിത്യപിതാവേ,/ ഏറ്റം അനുകമ്പ യുള്ള/ ഈശോയുടെ തിരുഹൃദയത്തിൽ വസിക്കുന്നതിന്/ പാപികളിലും/ മനുഷ്യ കുലം മുഴുവനിലും /അങ്ങയുടെ കരുണാ കടാക്ഷം പതിക്കേണമെ./ കർത്താ വീശോ മിശിഹായുടെ പീഡാനുഭവത്തെ ക്കുറിച്ച്/ ഞങ്ങളുടെമേൽ കരുണയായി രിക്കണമെ./ അങ്ങയുടെ കാരുണ്യ ത്തിന്റെ സർവ്വശക്തിയെ/എപ്പോഴും എന്നേയ്ക്കും ഏവരും പുകഴ്ത്തട്ടെ./

ആമ്മേൻ.

## രണ്ടാം ദിവസം

കാർമ്മി : *ഇന്ന് സകല വൈദികരുടേയും സന്യാസിനികളുടേയും ആത്മാക്കളെ എന്റെ അടുക്കൽ കൊണ്ടുവരിക.* അവരെ

www.malankaralibrary.com

*ആഴമളക്കാനാവാത്ത എന്റെ കരുണക്കടലിൽ മുക്കിയെടുക്കുക. എന്റെ കയ്പേറിയ പീഡനങ്ങൾ സഹിക്കുന്നതിനുള്ള ശക്തി അവരാണ് എനിക്കു നൽകിയത്. കൈവഴികളിലൂടെ വെള്ളം വിതരണം ചെയ്യപ്പെടുന്നതുപോലെ അവരിലൂടെ എന്റെ കരുണ ഞാൻ മനുഷ്യകുലത്തിന് നൽകുന്നു.*

**കാർമ്മി:** ഏറ്റവും കരുണയുള്ള ഈശോയെ, (സമൂഹവും ചേർന്ന്) എല്ലാ നന്മകളുടേയും ഉറവിടമേ,/ അങ്ങയുടെ പ്രസാദവരങ്ങൾ/അവരിൽ വർദ്ധിപ്പിക്കണമേ./ കരുണയുടെ പ്രവർത്തികൾ ചെയ്യുവാനും/ അതുവഴി/ അവരെ കാണുന്നവരെല്ലാം/ സ്വർഗ്ഗത്തിലുള്ള/ കരുണയുടെ പിതാവിനെ പുകഴ്ത്തുവാനും ഇടവരട്ടെ.

www.malankaralibrary.com

നിത്യനായ പിതാവേ,/ കരുണാദ്ര മായ അങ്ങയുടെ കണ്ണുകൾ/ അങ്ങയുടെ മുന്തിരിത്തോപ്പിലെ/ തെരഞ്ഞെടുക്കപ്പെട്ട വേലക്കാരായ/ വൈദികരുടേയും സന്യാസിനികളുടേയും നേർക്ക് തിരിക്കണമേ./ ശക്തിദായകങ്ങളായ/ അങ്ങയുടെ അനുഗ്രഹങ്ങൾകൊണ്ട്/ അവരെ വലയം ചെയ്യണമെ./ അങ്ങയുടെ തിരുക്കുമാരന്റെ/ തിരുഹൃദയത്തോടുള്ള സ്നേഹത്താൽ / മുദ്രിതരായിരിക്കുന്ന അവർക്ക്/ അങ്ങയുടെ ശക്തിയും പ്രകാശവും/ പ്രദാനം ചെയ്യണമെ./ അങ്ങനെ അവർ/ മറ്റുള്ളവരേയും/ രക്ഷയുടെ മാർഗ്ഗത്തിലേയ്ക്ക് നയിക്കുന്നതിനും/ ഏകസ്വരത്തിൽ/ അങ്ങയുടെ അളവില്ലാത്ത കരുണയെ/ പാടിപ്പുകഴ്ത്തുന്നതിനും ഇടയാകട്ടെ./ എപ്പോഴും എന്നേയ്ക്കും ആമ്മേൻ.

www.malankaralibrary.com

# മൂന്നാം ദിവസം

കാർമ്മി : *ഭക്തിതീക്ഷ്ണതയും വിശ്വസ്തതയുമുള്ള എല്ലാ ആത്മാക്കളേയും ഇന്ന് എന്റെ അടുക്കൽ കൊണ്ടുവരിക. എന്റെ കരുണാസാഗരത്തിൽ അവരെ മുക്കിയെടുക്കുക. കുരിശിന്റെ വഴിയിൽ എനിക്ക് ആശ്വാസം ചൊരിഞ്ഞത് ഈ ആത്മാക്കളാണ്. കയ്പേറിയ കദനക്കടലിന്റെ നടുവിൽ ആശ്വാസത്തിന്റെ തുള്ളികൾ പകർന്നത് അവരായിരുന്നു.*

കാർമ്മി : ഏറ്റവും കരുണയുള്ള ഈശോയെ, (സമൂഹവും ചേർന്ന്) അങ്ങയുടെ കരുണയുടെ നിക്ഷേപത്തിൽനിന്നും/ ഞങ്ങളുടെമേൽ/ സമൃദ്ധമായ അളവിൽ/ പ്രസാദവരങ്ങൾ വർഷിക്കണമെ./ സഹ

www.malankaralibrary.com

താപനിർഭരമായ/ അങ്ങയുടെ ഹൃദയ ത്തിൽ/ ഞങ്ങൾക്ക് അഭയം നൽകണമെ./ അങ്ങിൽനിന്നും അകന്നുപോകാൻ/ ഞങ്ങളെ അനുവദിക്കരുതേ./ സ്വർഗ്ഗസ്ഥ നായ പിതാവിനോടുള്ള സ്നേഹത്താൽ/ അതിതീക്ഷ്ണമായി ജ്വലിച്ചുകൊണ്ടിരി ക്കുന്ന/ അങ്ങയുടെ ഹൃദയത്തെപ്രതി/ ഈ അനുഗ്രഹം/ ഞങ്ങൾ അങ്ങയോടു യാചിക്കുന്നു.

നിത്യനായ പിതാവേ,/ വിശ്വസ്ത രായ ആത്മാക്കളുടെമേൽ/ കരുണാദ്ര മായ/ അങ്ങയുടെ നോട്ടം പതിക്കണമെ./ അവർ അങ്ങയുടെ പുത്രന്റെ/ അനന്തരാ വകാശികളാണല്ലോ./ അങ്ങേ പുത്രന്റെ കഠിനപീഡകളെ പ്രതി/ അങ്ങയുടെ അനുഗ്രഹങ്ങൾ/ അവരിൽ ചൊരിയണ

www.malankaralibrary.com

മെ./ അങ്ങയുടെ നിരന്തരമായ സംര ക്ഷണം/ അവരോടുകൂടിയുണ്ടായിരിക്ക ണമെ./ അങ്ങനെ അവർ/ അങ്ങയോടുള്ള സ്നേഹത്തിൽ നിന്ന് പിന്തിരിയാതിരി ക്കട്ടെ./ അങ്ങയോടുള്ള പരിശുദ്ധമായ വിശ്വാസത്തിൽനിന്നും/ അവർ അകന്നു പോകാതിരിക്കട്ടെ./ പകരം സ്വർഗ്ഗത്തി ലുള്ള എല്ലാ മാലാഖമാരോടും/ വിശുദ്ധ രോടുമൊപ്പം/ അങ്ങയുടെ അളവില്ലാത്ത കരുണയെ മഹത്വപ്പെടുത്തുന്നതിന്/ അവർക്കിടയാവുകയും ചെയ്യട്ടെ./ എപ്പോഴും എന്നേയ്ക്കും ആമ്മേൻ.

www.malankaralibrary.com

# നാലാം ദിവസം

കാർമ്മി: *അവിശ്വാസികളേയും, ഇതുവരെ എന്നെ അറിയാത്തവരേയും ഇന്ന് എന്റെ സമീപത്ത് കൊണ്ടുവരിക. എന്റെ കഠിന മായ പീഡാസഹനസമയത്ത് അവർ എന്റെ സ്മരണയിലുണ്ടായിരുന്നു. ഭാവി യിൽ അവർക്കുണ്ടാകാനിരിക്കുന്ന തീക്ഷ്ണത എന്റെ ഹൃദയത്തെ ആശ്വസി പ്പിച്ചു. അവരെ എന്റെ കരുണക്കടലിൽ മുക്കിയെടുക്കുക.*

കാർമ്മി: ഏറ്റവും ആർദ്രഹൃദയനായ ഈശോയെ, (സമൂഹവും ചേർന്ന്) ലോകം മുഴുവന്റെയും വെളിച്ചം/ അങ്ങാ കുന്നു./ ഏറ്റവും അനുകമ്പയുള്ള/ അങ്ങ യുടെ ഹൃദയത്തിൽ/ അവിശ്വാസികളു

www.malankaralibrary.com

ടെയും/ അങ്ങയെ അറിയാത്തവരു ടേയും/ ആത്മാക്കളെ സ്വീകരിക്കണമെ./ അങ്ങയുടെ കൃപാകിരണങ്ങൾ/ അവരെ പ്രകാശിപ്പിക്കുകയും/അങ്ങനെ ഞങ്ങ ളോടു ചേർന്ന്/ അവരും/ അങ്ങയുടെ മഹ നീയമായ കരുണയെ/ വാഴ്ത്തുവാനിട യാകുകയും ചെയ്യട്ടെ./ കരുണാസമ്പന്ന മായ/അങ്ങയുടെ ഹൃദയത്തിൽനിന്നും അകന്നുപോകാൻ/ അവരെ അനുവദിക്ക രുതേ.

നിത്യനായ പിതാവേ,/ അങ്ങ യിൽ വിശ്വസിക്കാത്തവരും/ അങ്ങയെ അറിയാത്തവരുമെങ്കിലും,/ ഈശോയുടെ ഏറ്റം അനുകമ്പയുള്ള ഹൃദയത്തിൽ/ സ്ഥാനം ലഭിച്ചിരിക്കുന്ന ആത്മാക്കളുടെ മേൽ/ അങ്ങയുടെ കരുണാകടാക്ഷം

www.malankaralibrary.com

ഉണ്ടാകണമെ./ സുവിശേഷ വെളിച്ചത്തി ലേക്ക് അവരെ ആനയിക്കണമെ./ അങ്ങയെ സ്നേഹിക്കുന്നത്/ എത്ര ആന ന്ദപ്രദമായ അനുഭവമാണെന്ന്/ ഈ ആത്മാക്കൾ അറിയുന്നില്ല./ അങ്ങയുടെ കരുണയുടെ സമൃദ്ധിയെ പുകഴ്ത്തു വാൻ/ ഇവർക്കും വരമേകണമേ./ എപ്പോഴും എന്നേയ്ക്കും ആമ്മേൻ.

## അഞ്ചാം ദിവസം

കാർമ്മി: *കത്തോലിക്കാസഭയിൽനിന്നും വേർപിരിഞ്ഞുപോയ സഹോദരങ്ങളെ ഇന്ന് എന്റെ അടുക്കൽ കൊണ്ടുവരിക.* *എന്റെ കരുണക്കടലിൽ അവരെ മുക്കിയെ ടുക്കുക. എന്റെ കഠിനവേദനയുടെ സമ യത്ത് സഭയാകുന്ന എന്റെ ശരീരത്തേയും*

www.malankaralibrary.com

*ഹൃദയത്തേയും അവർ കീറിമുറിച്ചു. അവർ സഭയുമായി ഐക്യത്തിലേയ്ക്ക് തിരിച്ചുവരുമ്പോൾ എന്റെ മുറിവുകൾ സുഖപ്പെടുകയും അങ്ങനെ എന്റെ സഹനം കുറയുകയും ചെയ്യും.*

**കാർമ്മി:** ഏറ്റവും കരുണയുള്ള ഈശോയെ, (സമൂഹവും ചേർന്ന്) നന്മയുടെ ഉറവിടമേ/ അങ്ങയുടെ പ്രകാശം അന്വേഷിക്കുന്നവരെ / അങ്ങ് നിരസിക്കുകയില്ലല്ലോ./ വേർപിരിഞ്ഞുപോയ സഹോദരങ്ങളുടെ ആത്മാക്കളെ/ അങ്ങയുടെ ദയാപൂർണ്ണമായ ഹൃദയത്തിൽ/ സ്വീകരിക്കണമേ./ അങ്ങയുടെ പ്രകാശം നൽകി/ സഭയുടെ കൂട്ടായ്മയിലേക്ക്/ അവരെ ആനയിക്കണമെ./ അങ്ങയുടെ അനുകമ്പാദ്രമായ ഹൃദയത്തിൽനിന്നും/ അകന്നുപോ

www.malankaralibrary.com

കുവാൻ/ അവരെ അനുവദിക്കരുതേ./ പകരം അവർ/ അങ്ങയുടെ ദിവ്യഹൃദയ ത്തിൽ വസിച്ച്/ അങ്ങയുടെ കൃപാസമൃ ദ്ധിയെ/ പുകഴ്ത്തുവാനിടയാകട്ടെ.

നിത്യനായ പിതാവേ,/ വേർപിരി ഞ്ഞുപോയ സഹോദരങ്ങളുടെമേൽ,/ പ്രത്യേകിച്ച്/ അങ്ങയുടെ പ്രസാദവ രത്തെ നിരസിച്ച്/ മനഃപൂർവ്വം തെറ്റിൽ നിലനിൽക്കുന്നവരുടെമേൽ/ അങ്ങയുടെ കൃപാകടാക്ഷം തിരിക്കണമേ./ അവരുടെ തെറ്റുകളെ/ അങ്ങു പരിഗണിക്കരുതേ./ അങ്ങയുടെ പുത്രന്/ അവരോടുള്ള സ്നേഹവും/ അവർക്കുവേണ്ടി ഏറ്റ സഹ നവും,/ അവർക്ക് ഈശോയുടെ അനുക മ്പാദ്രമായ ഹൃദയത്തിലുള്ള സ്ഥാനവും/ അങ്ങ് പരിഗണിക്കണമെ./ അങ്ങയുടെ

www.malankaralibrary.com

മഹനീയമായ/ കരുണയെ പാടിപുകഴ്ത്തുവാൻ/ അവരേയും അങ്ങേ സവിധത്തിലേക്ക് അടുപ്പിക്കണമെ./ എപ്പോഴും എന്നേയ്ക്കും, ആമ്മേൻ.

## ആറാം ദിവസം

*കാർമ്മി: എളിമയും ശാന്തതയുമുള്ളവരുടേയും കൊച്ചുകുട്ടികളുടേയും ആത്മാക്കളെ ഇന്ന് എന്റെ സമീപത്ത് കൊണ്ടുവരിക. അവരെ എന്റെ കരുണക്കടലിൽ മുക്കിയെടുക്കുക. എന്റെ ഹൃദയവുമായി ഏറ്റവും അടുത്ത സാരൂപ്യമുള്ളവരാണവർ. അവരാണ് എന്റെ ക്ലേശങ്ങളിൽ എന്നെ ശക്തിപ്പെടുത്തിയത്. എന്റെ അൾത്താരകളിൽ ശ്രദ്ധാപൂർവ്വം ശുശ്രൂഷ ചെയ്യുന്ന ഭൂമിയിലെ മാലാഖമാരായി*

www.malankaralibrary.com

*ഞാനവരെ കണ്ടു. പ്രസാദവരങ്ങളുടെ സർവ്വ സമ്പത്തും ഞാനവരുടെമേൽ വർഷിക്കും. എളിമയുള്ള ഹൃദയത്തിനുമാത്രമേ എന്റെ കൃപകൾ സ്വീകരിക്കാൻ സാധിക്കൂ എന്ന ഉറപ്പ് അവരിൽ നിക്ഷേപിച്ചുകൊണ്ട് ഞാൻ എളിയ ആത്മാക്കളെ അനുഗ്രഹിക്കുന്നു.*

**കാർമ്മി:** ഏറ്റവും കരുണയുള്ള ഈശോയെ, **(സമൂഹവും ചേർന്ന്)** 'ഞാൻ ശാന്തശീലനും/ വിനീതനുമാകയാൽ/ എന്നിൽ നിന്നു പഠിക്കുവിൻ' എന്ന്/ അങ്ങുതന്നെ അരുൾച്ചെയ്തിട്ടുണ്ടല്ലോ./ വിനീതഹൃദയരേയും/ ശിശുക്കളേയും/ അങ്ങയുടെ കരുണാനിർഭരമായ ഹൃദയത്തിൽ സ്വീകരിക്കണമെ./ ഈ ആത്മാക്കളാണ്/ സ്വർഗ്ഗസ്ഥനായ പിതാവിന്റെ പ്രിയപ്പെട്ടവരും/

www.malankaralibrary.com

സ്വർഗ്ഗത്തെ മുഴുവൻ ആനന്ദിപ്പിക്കുന്നവരും./ ദൈവസിംഹാസനത്തിനു മുമ്പാകെ/ പരിമളം പരത്തുന്ന/ പുഷ്പങ്ങളാണവർ./ അവയുടെ മധുര സുഗന്ധമേറ്റ്/ ദൈവം തന്നെ സന്തോഷിക്കുന്നു./ ഈശോയുടെ കനിവു നിറഞ്ഞ ഹൃദയം/ ഈ ആത്മാക്കൾക്കൊരു/ നിത്യഗേഹമാണ്./ സ്നേഹത്തിന്റെയും കരുണയുടേയും/ ഒരു മധുരഗാനം/ അവർ എപ്പോഴും പാടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

നിത്യനായ പിതാവേ,/ അനുകമ്പാർദ്രമായ/ ഈശോയുടെ ഹൃദയത്തിൽ മറഞ്ഞിരിക്കുന്ന/ കൊച്ചുകുട്ടികളുടേയും,/ ശാന്തതയും എളിമയുള്ളവരുടേയും/ ആത്മാക്കളുടെമേൽ/ അങ്ങയുടെ കരുണാകടാക്ഷം പതിക്കണമെ./

www.malankaralibrary.com

അങ്ങേപുത്രന്റെ/ ഏറ്റവും അടുത്ത പ്രതിഛായകളാണല്ലോ അവർ./ ഭൂമിയിൽനിന്നുയരുന്ന അവരുടെ പരിമളം/ സ്വർഗ്ഗത്തിൽ അങ്ങയുടെ സിംഹാസനം വരെ എത്തുന്നു./ കരുണയുടെ പിതാവേ, സർവ്വനന്മകളുടേയും ഉറവിടമേ,/ ഈ ആത്മാക്കളോടുള്ള/ അങ്ങയുടെ സ്നേഹത്തെ പ്രതിയും,/ അങ്ങേയ്ക്ക് ഇവരിലുള്ള/ പ്രസാദത്തെ പ്രതിയും/ ഞാൻ യാചിക്കുന്നു./ ലോകം മുഴുവനേയും/ അങ്ങ് അനുഗ്രഹിക്കണമെ./ അങ്ങനെ എല്ലാ ആത്മാക്കളും ഒന്നുചേർന്ന്/ അങ്ങയുടെ കരുണയുടെ സ്തുതികൾ/ പാടിപുകഴ്ത്തുവാൻ ഇട വരട്ടെ./ എപ്പോഴും എന്നേയ്ക്കും ആമ്മേൻ.

www.malankaralibrary.com

# ഏഴാം ദിവസം

കാർമ്മി: എന്റെ കരുണയെ മഹത്വപ്പെടുത്തുകയും, വാഴ്ത്തുകയും ചെയ്യുന്നവരുടെ ആത്മാക്കളെ ഇന്ന് എന്റെ അടുക്കൽ കൊണ്ടുവരിക. എന്റെ കരുണക്കടലിൽ അവരെ മുക്കിയെടുക്കുക. എന്റെ സഹനത്തിൽ ഏറ്റവുമധികം ദുഃഖിക്കുകയും എന്റെ ചൈതന്യം ആഴത്തിൽ ഗ്രഹിക്കുകയും ചെയ്തിട്ടുള്ളവരാണിവർ. ദയാപൂർണ്ണമായ എന്റെ ഹൃദയത്തിന്റെ ജീവിക്കുന്ന പ്രതിരൂപങ്ങളാണിവർ. ഈ ലോകജീവിതത്തിനുശേഷം സവിശേഷമായ ഒരു ശോഭയോടെ അവർ പ്രകാശിതരാകും. നരകത്തീയിൽ അവരാരും നിപതിക്കില്ല. മരണസമയത്ത് അവർ ഓരോരുത്തരേയും പ്രത്യേകമായി ഞാൻ സംരക്ഷിക്കും.

www.malankaralibrary.com

കാർമ്മി: ഏറ്റവും കരുണയുള്ള ഈശോയെ, (സമൂഹവും ചേർന്ന്) അങ്ങയുടെ ഹൃദയം/ സ്നേഹം തന്നെയാണല്ലോ./ അങ്ങയുടെ കരുണയുടെ ആഴത്തെ പുകഴ്ത്തുന്നവരുടെ ആത്മാക്കൾക്ക്/ അങ്ങയുടെ ഹൃദയത്തിൽ അഭയം നല്കണമെ./ ദൈവത്തിന്റെ തന്നെ ശക്തി സ്വീകരിച്ച്/ ശ്രേഷ്ഠത നിറഞ്ഞവരാണ് ഈ ആത്മാക്കൾ./ ദുഃഖങ്ങളുടെ നടുവിലും/ അങ്ങയുടെ കാരുണ്യത്തിൽ ആശ്രയിച്ച്/ അവർ മുന്നോട്ടുപോകുന്നു./ ഈശോയുമായി ഐക്യപ്പെട്ടിരിക്കുന്ന/ ഈ ആത്മാക്കൾ/ മാനവലോകത്തെ മുഴുവൻ/ തങ്ങളുടെ തോളുകളിൽ സംവഹിക്കുന്നു./ ഈ ആത്മാക്കൾ/ കഠിനമായി വിധിക്കപ്പെടുകയില്ല./ ഈ ജീവിതത്തിൽ നിന്നു പിരിയു

www.malankaralibrary.com

മ്പോൾ/ അങ്ങയുടെ കരുണ/ അവരെ ആലിംഗനം ചെയ്ത് സ്വീകരിക്കും.

നിത്യനായ പിതാവേ,/ ഈശോയുടെ കരുണയുള്ള ഹൃദയത്തിലെ അംഗങ്ങളും/ അങ്ങയുടെ അളവില്ലാത്ത കരുണയെ/ പാടിപ്പുകഴ്ത്തുന്നവരുമായ/ ആത്മാക്കളുടെമേൽ/ അങ്ങയുടെ കൃപാകടാക്ഷം പതിക്കണമെ./ ജീവിക്കുന്ന സുവിശേഷങ്ങളാണ്/ ഈ ആത്മാക്കൾ./ കരുണയുടെ പ്രവൃത്തികളാൽ/ അവരുടെ കൈകൾ നിറഞ്ഞിരിക്കുന്നു./ സന്തോഷത്താൽ നിറഞ്ഞു തുളുമ്പുന്ന അവരുട ഹൃദയം/ അത്യുന്നതന്/ കാരുണ്യത്തിന്റെ ഒരു ഗീതം ആലപിക്കുന്നു./ അങ്ങയിൽ അവർ സമർപ്പിച്ചിരിക്കുന്ന/ പ്രതീക്ഷയ്ക്കും ശരണത്തിനും അനുസൃ

www.malankaralibrary.com

തമായി/ അവരോട് കരുണകാണിക്കണെ മേയെന്ന്/ ഞങ്ങളങ്ങയോടു യാചിക്കുന്നു. അങ്ങയുടെ അളവില്ലാത്ത കരുണയെ പുകഴ്ത്തുന്നവരെ/ ജീവിതകാലത്തും/ പ്രത്യേകിച്ച് മരണസമയത്തും സംരക്ഷിക്കുമെന്ന/ ഈശോയുടെ വാഗ്ദാനം/ അവരിൽ പൂർത്തിയാകട്ടെ./ എപ്പോഴും എന്നേയ്ക്കും ആമ്മേൻ.

## എട്ടാം ദിവസം

*കാർമ്മി: ശുദ്ധീകരണസ്ഥലത്ത് അടക്കപ്പെട്ടിരിക്കുന്ന ആത്മാക്കളെ ഇന്ന് എന്റെ അടുക്കൽ കൊണ്ടുവരിക. എന്റെ കരുണാസാഗരത്തിൽ അവരെ മുക്കി എടുക്കുക. അവരുടെ നീറുന്ന ആത്മാക്കളെ എന്റെ രക്തംകൊണ്ടുള്ള അരുവി*

www.malankaralibrary.com

*തണുപ്പിക്കട്ടെ. ഈ ആത്മാക്കളെ ഞാൻ വളരെ അധികം സ്നേഹിക്കുന്നു. എന്റെ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരാണവർ. അവർക്ക് ആശ്വാസം നൽകുവാനുള്ള ശക്തി നിങ്ങളിലാണുള്ളത്. എന്റെ സഭയുടെ ഭണ്ഡാരത്തിലുള്ള എല്ലാ ദണ്ഡവിമോചനങ്ങളും സമാഹരിച്ച് അവർക്ക് വേണ്ടി സമർപ്പിക്കുക. അവർ വഹിക്കുന്ന വേദനകൾ നീ അറിഞ്ഞിരുന്നുവെങ്കിൽ നീ നിന്റെ ആത്മാവിന്റെ ദാനങ്ങൾ അവർക്കായി സമർപ്പിച്ച് എന്റെ നീതിയിൽ അവരുടെ കടം വീട്ടുമായിരുന്നു.*

**കാർമ്മി:** ഏറ്റവും കരുണയുള്ള ഈശോയെ, (സമൂഹവും ചേർന്ന്) കരുണയാണ് അങ്ങ് ആഗ്രഹിക്കുന്നതെന്ന്/ അങ്ങു

www.malankaralibrary.com

തന്നെ അരുളിച്ചെയ്തിട്ടുണ്ടല്ലോ./ ശുദ്ധീകരണ സ്ഥലത്തുള്ള എല്ലാ ആത്മാക്കളേയും/ അങ്ങയുടെ അനുകമ്പാർദ്രമായ ഹൃദയത്തിൽ/ ഞാൻ സമർപ്പിക്കുന്നു./ അങ്ങേയ്ക്ക് വളരെ പ്രിയപ്പെട്ടവരെങ്കിലും/ അങ്ങയുടെ നീതി/ പൂർത്തിയാക്കേണ്ടവരാണവർ./ അങ്ങയുടെ ഹൃദയത്തിൽ നിന്നും പുറപ്പെട്ട/ രക്തവും ജലവും/ അഗ്നിജ്വാലകളെ ശമിപ്പിക്കട്ടെ./ അങ്ങനെ അങ്ങയുടെ കരുണയുടെ ശക്തി/ അവിടേയും പുകഴ്ത്തപ്പെടട്ടെ.

നിത്യനായ പിതാവേ,/ ഈശോയുടെ ഏറ്റവും അനുകമ്പാർദ്രമായ ഹൃദയത്തിൽ സ്ഥാനമുള്ള/ ശുദ്ധീകരണ സ്ഥലത്തിലെ ആത്മാക്കളുടെ മേൽ/ അങ്ങയുടെ കരുണാകടാക്ഷം ഉണ്ടാക

www.malankaralibrary.com

ണമേ./ ഈശോ സഹിച്ച/ കയ്പുനിറഞ്ഞ ക്ലേശങ്ങളെ പ്രതിയും,/ അവിടുത്തെ ആത്മാവിൽ നിറഞ്ഞ/ എല്ലാ സഹന ങ്ങളെ പ്രതിയും/ ഞാൻ അങ്ങയോട് യാചിക്കുന്നു./ നീതിവിധിക്ക് വിധേ യരായിരിക്കുന്ന/ ആത്മാക്കളുടെമേൽ/ അങ്ങയുടെ കാരുണ്യം വർഷിക്കണമേ./ അങ്ങയുടെ പ്രിയപുത്രനായ ഈശോ യുടെ /തിരുമുറിവുകളിലൂടെ മാത്രം/ അങ്ങ് അവരെ നോക്കേണമെ./ അങ്ങ യുടെ ദയയ്ക്കും നന്മയ്ക്കും/ അതിരുകളി ല്ലെന്ന്/ ഞങ്ങൾ ഉറച്ച് വിശ്വസിക്കുന്നു./ എപ്പോഴും എന്നേയ്ക്കും ആമ്മേൻ.

www.malankaralibrary.com

# ഒമ്പതാം ദിവസം

*കാർമ്മി: മന്ദതയിൽ നിപതിച്ച ആത്മാക്കളെ ഇന്ന് എന്റെ അടുക്കൽ കൊണ്ടുവരിക. എന്റെ കരുണക്കടലിൽ അവരെ മുക്കിയെടുക്കുക.* എന്റെ ഹൃദയത്തെ വളരെ വേദനാജനകമായി അവർ മുറിവേൽപിക്കുന്നു. ഒലിവ് തോട്ടത്തിൽവച്ച് എന്റെ ഹൃദയം തീവ്രവേദനയാൽ വലഞ്ഞത് മന്ദഹൃദയരെ പ്രതിയാണ്. "അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നകറ്റണമെ" എന്ന് ഞാൻ പ്രാർത്ഥിച്ചുപോയത് അവർ മൂലമാണ്. എന്റെ കാരുണ്യത്തിലേക്ക് ഓടി എത്തുകയാണ് അവർക്കുള്ള അവസാനത്തെ പ്രതീക്ഷ.

www.malankaralibrary.com

കാർമ്മി: ഏറ്റവും കരുണാർദ്രനായ ഈശോയെ, (സമൂഹവും ചേർന്ന്) അങ്ങ് കാരുണ്യം തന്നെയാകുന്നു./ അങ്ങയുടെ അനുകമ്പ നിറഞ്ഞ ഹൃദയത്തിലേക്ക്/ മന്ദതബാധിച്ച ആത്മാക്കളെ/ ഞങ്ങൾ കൊണ്ടുവരുന്നു. ജീവനറ്റ ശരീരങ്ങളെ പ്പോലെ/ ആറിത്തണുത്ത ഈ ആത്മാക്കളെ/ അങ്ങയുടെ സ്നേഹാഗ്നി ജ്വാലയാൽ/ ഒരിക്കൽകൂടി എരിയിക്കണമേ./ ഏറ്റവും കാരുണ്യമുള്ള ഈശോ അങ്ങയുടെ കാരുണ്യത്തിന്റെ മഹനീയ ശക്തി/ ഇവരിൽ പ്രവർത്തിപ്പിക്കണമെ./ അങ്ങയുടെ സ്നേഹത്തിന്റെ തീക്ഷ്ണതയിലേക്ക്/ ഇവരെ ആനയിക്കണമെ./ പരിശുദ്ധമായ സ്നേഹത്തിന്റെ ദാനം/ അവരിൽ ചൊരി

www.malankaralibrary.com

യണമെ. എന്തെന്നാൽ/ യാതൊന്നും അങ്ങയുടെ ശക്തിക്ക്/ അതീതമല്ലല്ലോ.

നിത്യനായ പിതാവേ,/ ഏറ്റവും ദയയുള്ള/ ഈശോയുടെ ഹൃദയത്തിൽ സ്ഥാനമുള്ള/ മന്ദത ബാധിച്ച ആത്മാക്കളുടേമേൽ/ അങ്ങയുടെ കരുണാ കടാക്ഷം പതിപ്പിക്കണമെ./ കാരുണ്യത്തിന്റെ പിതാവേ,/ അങ്ങേ പുത്രന്റെ കയ്പേറിയ പീഡകളെപ്രതിയും/ കുരിശിലെ മൂന്നു മണിക്കൂർ നേരത്തെ/ സഹനത്തെ പ്രതിയും/ ഞനങ്ങയോട് യാചിക്കുന്നു. അവരും അങ്ങയുടെ/ അഗാധമായ കാരുണ്യത്തെ/ മഹത്വപ്പെടുത്തുവാൻ ഇടയാകട്ടെ. ആമ്മേൻ.

www.malankaralibrary.com

# കരുണയുടെ ജപമാല

(സമൂഹം മുട്ടുകുത്തുന്നു)

കാർമ്മി: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ, അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ.

സമൂ: അന്നന്നു വേണ്ട ആഹാരം/ ഇന്ന് ഞങ്ങൾക്ക് തരണമേ./ ഞങ്ങളോടു തെറ്റു ചെയ്യുന്നവരോട്/ ഞങ്ങൾ ക്ഷമിക്കുന്നതുപോലെ/ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ./ ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ./ തിന്മയിൽ നിന്നും ഞങ്ങളെ രക്ഷിക്കണമെ./

ആമ്മേൻ.

www.malankaralibrary.com

കാർമ്മി: നന്മ നിറഞ്ഞ മറിയമേ സ്വസ്തി! / കർത്താവ് അങ്ങയോടു കൂടെ/ സ്ത്രീകളിൽ അങ്ങ് അനുഗ്രഹിക്കപ്പെട്ടവളാകുന്നു./ അങ്ങയുടെ ഉദരത്തിൽ ഫലമായ ഈശോ/ അനുഗ്രഹിക്കപ്പെട്ടവനാകുന്നു./

സമൂ: പരിശുദ്ധ മറിയമേ,/ തമ്പുരാന്റെ അമ്മേ,/ പാപികളായ ഞങ്ങൾക്കുവേണ്ടി,/ ഇപ്പോഴും ഞങ്ങളുടെ മരണ സമയത്തും/ തമ്പുരാനോട് അപേക്ഷിച്ചുകൊള്ളണമെ,/ ആമ്മേൻ

## വിശ്വാസപ്രമാണം

കാർമ്മി: സർവ്വശക്തനായ പിതാവും (സമൂഹവും ചേർന്ന്) ആകാശത്തിന്റെയും ഭൂമിയുടേയും സ്രഷ്ടാവുമായ/

www.malankaralibrary.com

ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു./ അവിടുത്തെ ഏക പുത്രനും/ ഞങ്ങളുടെ കർത്താവുമായ/ ഈശോമിശിഹായിലും ഞാൻ വിശ്വസിക്കുന്നു./ ഈ പുത്രൻ പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായി/ കന്യകാമറിയത്തിൽ നിന്നു പിറന്ന്,/ പന്തിയോസ് പീലാത്തോസിന്റെ കാല ത്ത്/ പീഡകൾ സഹിച്ച്,/ കുരിശിൽ തറ യ്ക്കപ്പെട്ട്, മരിച്ച്, അടക്കപ്പെട്ട്,/ പാതാള ങ്ങളിൽ ഇറങ്ങി, / മരിച്ചവരുടെ ഇടയിൽ നിന്ന്/ മൂന്നാംനാൾ ഉയിർത്ത്,/ സ്വർഗ്ഗ ത്തിലേക്ക് എഴുന്നള്ളി/ സർവ്വ ശക്തി യുള്ള പിതാവായ ദൈവത്തിന്റെ/ വലതു ഭാഗത്ത് ഇരിക്കുന്നു./ അവിടെ നിന്ന്/ ജീവിക്കുന്നവരേയും മരിച്ചവരേയും വിധി ക്കാൻ/ വരുമെന്നും ഞാൻ വിശ്വസി

www.malankaralibrary.com

ക്കുന്നു. പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു./ വിശുദ്ധ കത്തോലിക്കാ സഭയിലും,/ പുണ്യവാന്മാരുടെ ഐക്യ ത്തിലും,/ പാപങ്ങളുടെ മോചനത്തിലും,/ ശരീരത്തിന്റെ ഉയിർപ്പിലും,/ നിത്യമായ ജീവിതത്തിലും/ ഞാൻ വിശ്വസിക്കുന്നു./ ആമ്മേൻ.

## വലിയ മണികളിൽ

കാർമ്മി: നിത്യപിതാവേ, എന്റെയും ലോകം മുഴുവന്റെയും, പാപപരിഹാര ത്തിനായി അങ്ങയുടെ പ്രിയ വത്സല സുതനും, ഞങ്ങളുടെ കർത്താവുമായ ഈശോ മിശി ഹായുടെ തിരുശരീരവും തിരു രക്തവും, ആത്മാവും ദൈവത്വവും അങ്ങേയ്ക്കു ഞാൻ കാഴ്ചവെയ്ക്കുന്നു.

www.malankaralibrary.com

# ചെറിയ മണികളിൽ

(സമൂഹം ഇരുഗണമായി ചൊല്ലുന്നു.)

ഈശോയുടെ **വ്യാകുലം നിറഞ്ഞ** പീഡാസഹനങ്ങളെക്കുറിച്ച്,

ഞങ്ങളുടെയും, ലോകം മുഴുവന്റെയും മേൽ കരുണയായിരിക്കണമേ.

(10 പ്രാവശ്യം)

# (അഞ്ചുദശകങ്ങളും കഴിഞ്ഞ്)

കാർമ്മി: /സമൂ : പരിശുദ്ധനായ ദൈവമേ,/ പരിശുദ്ധനായ ബലവാനേ,/ പരിശുദ്ധനായ അമർത്യനേ/ ഞങ്ങളുടെയും ലോകം മുഴുവന്റെയും മേൽ കരുണയായിരിക്കണമെ.

(മൂന്നുപ്രാവശ്യം)

www.malankaralibrary.com

# ദൈവകാരുണ്യ സ്തുതിപ്പുകൾ

സ്വർഗ്ഗവാസികളോടൊപ്പം ഭക്തിപൂർവ്വം സാഘോഷം ദൈവത്തിന്റെ കരുണയെ നമുക്ക് സ്തുതിച്ചുകൊണ്ട് 'ഞാൻ അങ്ങയിൽ ശരണപ്പെടുന്നുവെന്ന്' നമുക്ക് ഏറ്റുചൊല്ലാം.

(സമൂഹം നിന്നുകൊണ്ട് പ്രാർത്ഥിക്കുന്നു.)

പിതാവിന്റെ മടിയിൽ നിന്നും
പുറപ്പെടുന്ന ദൈവകരുണ്യമേ!
ഞാൻ അങ്ങയിൽ ശരണപ്പെടുന്നു.

ദൈവത്തിന്റെ ഏറ്റവും വലിയ
വിശേഷണമായ ദൈവകാരുണ്യമേ!

മനസ്സിലാക്കാനാവാത്ത
മഹാരഹസ്യമായ
ദൈവകാരുണ്യമേ!

പരിശുദ്ധത്രിത്വത്തിന്റെ
രഹസ്യത്തിൽ നിന്നും പുറപ്പെടുന്ന
ദൈവകാരുണ്യമേ!

ഞാൻ അങ്ങയിൽ ശരണപ്പെടുന്നു.

www.malankaralibrary.com

മാനുഷികവും അമാനുഷികവും ആയ
ബുദ്ധിക്ക് അളക്കാനാവാത്ത ദൈവ
കാരുണ്യമേ!

എല്ലാവരിലേക്കും ജീവനും
സന്തോഷവും പുറപ്പെടുന്ന ഉറവയായ
ദൈവ കാരുണ്യമേ!

സ്വർഗ്ഗത്തേക്കാൾ മഹനീയമായ
ദൈവകാരുണ്യമേ!

അത്ഭുതങ്ങളുടേയും
വിസ്മയങ്ങളുടേയും ഉറവിടമായ
ദൈവകാരുണ്യമേ!

പ്രപഞ്ചത്തെ മുഴുവൻ ഉൾക്കൊള്ളുന്ന
ദൈവകാരുണ്യമേ!

മാംസം ധരിച്ച വചനത്തിലൂടെ
ഭൂമിയിലേയ്ക്കിറങ്ങി വന്ന

www.malankaralibrary.com

ദൈവകാരുണ്യമേ!

ഈശോയുടെ തുറക്കപ്പെട്ട
ഹൃദയത്തിൽ നിന്നും ഒഴുകിയിറങ്ങിയ
ദൈവകാരുണ്യമേ!

ഈശോയുടെ ഹൃദയത്തിൽ
പാപികൾക്കായി ഉൾക്കൊണ്ടിരി
ക്കുന്ന ദൈവകാരുണ്യമേ

പരിശുദ്ധകുർബാനയിൽ
അടങ്ങിയിരിക്കുന്ന ദൈവ
കാരുണ്യമേ!

പരിശുദ്ധ സഭയുടെ സ്ഥാപനത്തിൽ
അടങ്ങിയിരിക്കുന്ന ദൈവകാരുണ്യമേ!

മാമ്മോദീസായിൽ അടങ്ങിയിരിക്കുന്ന
ദൈവകാരുണ്യമേ!

www.malankaralibrary.com

ഈശോമിശിഹായിലുള്ള ഞങ്ങളുടെ നീതികരണമായ ദൈവകാരുണ്യമേ!

ജീവിതം മുഴുവൻ ഞങ്ങളെ അനുഗമിക്കുന്ന ദൈവകാരുണ്യമേ!

മരണസമയത്ത് ഞങ്ങളെ പ്രത്യേകമായി ആശ്ലേഷിക്കുന്ന ദൈവകാരുണ്യമേ!

അമർത്യത നൽകി ഞങ്ങളെ ശക്തരാക്കുന്ന ദൈവകാരുണ്യമേ!

ഞങ്ങളുടെ ജീവിതത്തിന്റെ ഓരോ നിമിഷത്തിലും ഞങ്ങളെ അനുഗമിക്കുന്ന ദൈവകാരുണ്യമേ!

നരകത്തിന്റെ തീയിൽ നിന്നും ഞങ്ങളെ സംരക്ഷിക്കുന്ന ദൈവകാരുണ്യമേ!

www.malankaralibrary.com

കഠിനാപാപികളുടെ മാനസാന്തര
ത്തിൽ പ്രവർത്തിക്കുന്ന ദൈവ
കാരുണ്യമേ!

മാലാഖമാർക്ക് അത്ഭുതവും
വിശുദ്ധർക്ക് അഗ്രാഹ്യവുമായ
ദൈവകാരുണ്യമേ!

ദൈവത്തിന്റെ എല്ലാ രഹസ്യങ്ങളിലും
വച്ച് ഏറ്റവും ആഴമേറിയ
ദൈവകാരുണ്യമേ!

എല്ലാ ദുരിതങ്ങളിലും നിന്ന് ഞങ്ങളെ
സമുദ്ധരിക്കുന്ന ദൈവകാരുണ്യമേ!

ഞങ്ങളുടെ സന്തോഷത്തിന്റെയും
ആനന്ദത്തിന്റെയും ഉറവിടമായ
ദൈവകാരുണ്യമേ!

www.malankaralibrary.com

ഇല്ലായ്മയിൽ നിന്നും
അസ്തിത്വത്തിലേയ്ക്കു ഞങ്ങളെ
വിളിച്ച ദൈവകാരുണ്യമേ!

ദൈവത്തിന്റെ എല്ലാ പ്രവൃത്തി
കളെയും ആശ്ലേഷിക്കുന്ന
ദൈവകാരുണ്യമേ!

ദൈവത്തിന്റെ കരവേലകളുടേയെല്ലാം
മകുടമായ ദൈവകാരുണ്യമേ!

ഞങ്ങളെല്ലാവരും എപ്പോഴും
മുഴുകിയിരിക്കുന്ന ദൈവകാരുണ്യമേ!

ഭയത്തിന്റെ മദ്ധ്യത്തിൽ
ഹൃദയാശ്വാസമായ ദൈവകാരുണ്യമേ!

വേദനിക്കുന്ന ഹൃദയങ്ങൾക്കു
മധുരാശ്വാസമായ ദൈവകാരുണ്യമേ!

www.malankaralibrary.com

രോഗികളുടെയും സഹിക്കുന്ന
വരുടെയും ആരോഗ്യപാത്രമായ
ദൈവദൈവകാരുണ്യമേ!

മരിക്കുന്നവരുടെ ആശ്വാസമായ
ദൈവകാരുണ്യമേ!

നിരാശനിറഞ്ഞ ആത്മാക്കളുടെ
ഏകപ്രതീക്ഷയായ ദൈവ കാരുണ്യമേ!

വിശുദ്ധാത്മാക്കളുടെ ആനന്ദവും
ഹർഷപാരവശ്യവുമായ ദൈവ
കാരുണ്യമേ!

എല്ലാ പ്രവൃത്തികൾക്കും പ്രചോദന
മേകുന്ന പ്രതീക്ഷയായ ദൈവ
കാരുണ്യമേ!

www.malankaralibrary.com

കാർമ്മി: കുരിശിൽ ലോകത്തെ രക്ഷിച്ച് ഞങ്ങളുടെ മേലുള്ള ഏറ്റവും വലിയ കരുണ പ്രകടിപ്പിച്ച ദൈവത്തിന്റെ കുഞ്ഞാടേ!

സമൂ : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ

കാർമ്മി: എല്ലാ ദിവ്യബലികളിലും ഞങ്ങൾക്കുവേണ്ടി സ്വയം സമർപ്പിച്ചു കൊണ്ടിരിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടേ!

സമൂ : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ.

കാർമ്മി: അങ്ങയുടെ അളവില്ലാത്ത കരുണയിൽ ലോകപാപങ്ങളെല്ലാം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടേ!

www.malankaralibrary.com

സമൂ : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ.

കാർമ്മി: കർത്താവേ! ഞങ്ങളുടെ മേൽ കരുണയുണ്ടാകണമേ.

സമൂ : കർത്താവേ! ഞങ്ങളുടെ മേൽ കരുണയുണ്ടാകണമേ.

കാർമ്മി: മിശിഹായേ! ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

സമൂ : മിശിഹായേ! ഞങ്ങളുടമേൽ കരുണയുണ്ടാകണമേ.

കാർമ്മി: കർത്താവേ! ഞങ്ങളുടെ മേൽ കരുണയുണ്ടാകണമേ!

സമൂ : കർത്താവേ! ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

www.malankaralibrary.com

# സമാപനാശീർവാദം

കാർമ്മി: ദൈവമേ, അങ്ങയുടെ കരുണയുടെ വക്താക്കളാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ദൈവകരുണ ഞങ്ങളിലേക്ക് കടന്നു വരുവാൻ തടസ്സമായി നിൽക്കുന്ന പാപങ്ങളെയും പാപ സാഹചര്യങ്ങളെയും തുടച്ചുമാറ്റണമേ. ഞങ്ങളുടെമേലും ഞങ്ങളുടെ കുടുംബാംഗങ്ങളുടെമേലും മാതാപിതാക്കളുടെമേലും പൂർവികരുടെമേലും അങ്ങേകരുണ ചൊരിയണമേ.

നമ്മുടെ കർത്താവായ ഈശോമിശിഹായെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നമ്മോടൊത്തുണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും,

സമൂ : ആമ്മേൻ